## പതിനാലാം കേരള നിയമസഭ
## 5-ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ : 631** 25.05.2017 -ൽ മറുപടിയ്ക്ക്

### വിനോദ സഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>,, എ. എൻ. ഷംസീർ<br>,, ഒ. ആർ. കേളു<br>,, ആന്റണി ജോൺ : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി സമഗ്രമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി സമഗ്രമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിനോദ സഞ്ചാര സാധ്യതയുള്ള പ്രധാന മേഖലകളെ ഉൾപ്പെടുത്തിയാണ് വകുപ്പ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പരിസ്ഥിതി സൗഹൃദപരവുമായ വികസനത്തിന് വേണ്ടിയുള്ള ആദ്യ പടിയെന്ന നിലയിൽ മാസ്റ്റർപ്ലാനിനെ കണക്കാക്കാം. |
| (ബി) എങ്കിൽ ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെയാണ് പ്രസ്തുത മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് പദ്ധതികൾ തയ്യാറാക്കുന്നത് അതാത് പ്രദേശങ്ങളുടെ സാധ്യതകളും സവിശേഷതകളും മനസ്സിലാക്കി എംപാനൽ ചെയ്തിട്ടുള്ള ആർക്കിടെക്ടുകളിലൂടെയോ കൺസൽട്ടന്റുമാരിലൂടെയോ ആണ്. എന്നിരുന്നാലും ചില പ്രധാനപ്പെട്ട കേന്ദ്രങ്ങളുടെ വിശദമായ മാസ്റ്റർ പ്ലാനുകൾ ടെണ്ടർ പ്രക്രിയയിലൂടെ രാജ്യത്തെ വിദഗ്ദ ഏജൻസികളുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ കോവളം പൂവ്വാർ ടൂറിസം കോറിഡോർ, കുമരകം ഫോർട്ട് കൊച്ചി,തേക്കടി ,നിലമ്പൂർ, കക്കയം-പെരുവണ്ണാമൂഴി, ഗോൾഡൻ വാലി (പൊന്മുടി) അഷ്ടമുടി, ആതിരപ്പള്ളി (കാലടി- മലയാറ്റൂർ-ആതിരപ്പള്ളി ടൂറസം സർക്യൂട്ട് ) സസ്റ്റെയിനബിൾ ടൂറിസം ഡെവലപ്മെന്റ് മാസ്റ്റർ പ്ലാൻ ഫോർ നിള , മൂന്നാർ എന്നിവയാണ് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി വകുപ്പ് ഉൾപ്പെടുത്തിയിരിക്കുന്നത്. |

മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നടക്കുന്ന ടൂറിസം വികസനം കൂടാതെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് ബൃഹത്തായ ടൂറിസം പദ്ധതികൾ നടപ്പാക്കാൻ ടൂറിസം വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഉത്തരമലബാറിലെ നദികൾ കേന്ദ്രീകരിച്ചുകൊണ്ട് ഏകദേശം 300 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു ടൂറിസം പദ്ധതി തയ്യാറായി വരുന്നു. കൂടാതെ തലശ്ശേരി, മുസിരിസ്സ് എന്നീ പൈതൃക സംരക്ഷണ പദ്ധതികളുടെ വിശദമായ ഒരു പദ്ധതി രൂപരേഖ തയ്യാറാക്കിയാണ് മുന്നോട്ട് പോകുന്നത്. വകുപ്പ് നടപ്പാക്കാൻ പോകുന്ന ആലപ്പുഴ പൈതൃക സംരക്ഷണ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന നടപടിയും ആരംഭിച്ച് കഴിഞ്ഞു. കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന പ്രസാദ് പദ്ധതിയുടെ ഭാഗമായി ഗുരുവായൂർ ക്ഷേത്രത്തിന്റെ വികസനം, സ്പിരിച്ചൽ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി വരുന്ന ശബരിമല-ശ്രീപത്മനാഭസ്വാമിക്ഷേത്രം പദ്ധതി, ഇക്കോ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി വരുന്ന ഗവി വാഗമൺ പദ്ധതി എന്നിവ സംസ്ഥാന ടൂറിസം വകുപ്പ് വിശദമായ പദ്ദതി രേഖ തയ്യാറാക്കി നടപ്പാക്കി വരുന്നു.

സി) മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

സി)

| ഏജൻസി | ടൂറിസ്റ്റ് കേന്ദ്രങ്ങൾ |
|---|---|
| 1) ഫോർടസ്സ് | 1. കോവളം പൂവാർ ടൂറിസം കോറിഡോർ<br>2. കുമരകം |
| 2) ജിറ്റ്പാക് | 1. കാലടി മലയാറ്റൂർ ആതിരപ്പള്ളി<br>2. സസ്റ്റെയിനബിൾ ടൂറിസം ഡെവലപ്മെന്റ് മാസ്റ്റർ പ്ലാൻ ഫോർ നിള |
| 3) ടാറ്റാ കൾസൽട്ടൻസി | 1. ഗോൾഡൻ വാലി (പൊന്മുടി)<br>2. നിലമ്പൂർ മാസ്റ്റർ പ്ലാൻ |
| 4) ഐഎൽ &എഫ് എസ് | 1. തേക്കടി മാസ്റ്റർ പ്ലാൻ<br>2. കക്കയം പെരുവണ്ണാമുഴി മാസ്റ്റർ പ്ലാൻ<br>3. അഷ്ടമുടി മാസ്റ്റ് പ്ലാൻ |
| 5) സാൻടെക് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് | ഫോർട്ട് കൊച്ചി |

| | |
|---|---|
| 6) കൺസൾട്ടൻസി എഞ്ചിനീയറിംഗ് സർവ്വീസ് | മൂന്നാർ |

| | | | |
|---|---|---|---|
| ഡി) | വിനോദ സഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിന് ഇത് എപ്രകാരമെല്ലാം ഉപയോഗപ്പെട്ടുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | ഏജൻസികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാൻ ആദ്യ ഘട്ടത്തിൽ ബന്ധപ്പെട്ട വിവിധ വകുപ്പുകളുമായി ചർച്ച ചെയ്യും. അതിൽ നിന്ന് ഉരുത്തിരിയുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്തുകൊണ്ട് രണ്ടാംഘട്ടത്തിൽ അതാത് പ്രദേശങ്ങളിലെ ടൂറിസം സംരംഭകരുമായും ഉപഭോക്താക്കളുമായും ചർച്ച നടത്തുകയും അവരുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്യും. മൂന്നാമതായി അതാത് പ്രദേശങ്ങളുടെ ജനപ്രതിധികളുമായും മറ്റ് പൊതു പ്രവർത്തകരുമായും ചർച്ചകൾ നടത്തി ആവശ്യമായ തിരുത്തലുകൾ വരുത്തിയാണ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. ഇത്തരത്തിൽ അംഗീകരിച്ച മാസ്റ്റർപ്ലാനുകളുടെ അടിസ്ഥാനത്തിൽ മാത്രമേ അതത് പ്രദേശങ്ങളുടെ ഭൂപ്രകൃതിയ്ക്ക് അനുയോജ്യമാം വിധം അതത് സ്ഥലങ്ങളുടെ പ്രത്യേകതയും കൂടി ഉൾക്കൊണ്ട് ടൂറിസവുമായ ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നത്. ഇത്തരത്തിൽ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയാൽ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കാനും അതാത് ഡസ്റ്റിനേഷനുകളുടെ സവിശേഷമായ ഭൂപ്രകൃതിക്ക് കോട്ടം തട്ടാതെയും ടൂറിസം വികസന പദ്ധതികൾ നടപ്പാക്കാൻ കഴിയുന്നതാണ്. മാത്രമല്ല ആ പ്രദേശത്തിന് അനുയോജ്യമായ വികസനം മാത്രം ഉറപ്പിക്കാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ